**'ഭരണഭാഷ- മാതൃഭാഷ'**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ മംഗൽപാടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീ.അഷറഫ് അലി.സി.കെ യുടെ ഹാജരില്ലായ്മക്കാലയളവ് 'നോൺ ഡ്യൂട്ടി' ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.570/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/03/2020

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 ശ്രീ.അഷറഫ് അലി.സി.കെ യുടെ ശൂന്യവേതനാവധിയപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 03.05.2019ലെ ഇ6-25950/18നമ്പർ

കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ മംഗൽപാടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീ.അഷറഫ് അലി.സി.കെ യുടെ 14.02.2007 മുതൽ 23.06.2013 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം ( 2 ) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.അഷറഫ് അലി.സി.കെ, 22.02.1988 ന് സേവനത്തിൽ പ്രവേശിച്ചു. ടിയാൻ 14.02.2002 മുതൽ 5 വർഷത്തേക്ക് കെ എസ് ആർ ഭാഗം 1, അപ്പൻഡിക്സ് XIIA പ്രകാരം അവധിയിലായിരുന്നു. തുടർന്ന് അനുമതി വാങ്ങാതെ 14.02.2007 മുതൽ 23.06.2013 വരെ അവധിയിൽ തുടർന്നു. അനുമതിയില്ലാതെ അവധിയിൽ പ്രവേശിച്ചതിന് ടിയാനെതിരായുള്ള അച്ചടക്ക നടപടി "സെൻഷർ" ശിക്ഷ നൽകി തീർപ്പാക്കിയിട്ടുണ്ട്. ടിയാൻ 24.06.2013 ൽ സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനധികൃത ഹാജരില്ലായ്മയ്ക്ക് ശ്രീ.സി.കെ.അഷറഫ് അലിയ്ക്കെതിരെ അച്ചടക്ക നടപടി പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ 14.02.2007 മുതൽ 23.06.2013 വരെയുള്ള കാലയളവ്, 14.02.1992 ന് മുൻപ് ടിയാൻ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ കാസറഗോഡ്

ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ മംഗൽപാടി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീ.അഷറഫ് അലി.സി.കെ യുടെ മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
ഡെപ്യൂട്ടിസെക്രട്ടറി

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, കുമ്പള ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, മംഗൽപാടി ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.അഷറഫ് അലി.സി.കെ, സീനിയർ ക്ലാർക്ക്, മംഗൽപാടി ഗ്രാമപഞ്ചായത്ത്, കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധന വകുപ്പ്(14.10.2019 ലെ ഡെവ 1/169/2019/ധന നമ്പർ കുറിപ്പ് പ്രകാരം)

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(86/ഇപിഎ1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ